**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3714** **15-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ വകുപ്പുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, മിഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിങ്ങനെ മുഴുവൻ സ്ഥാപനങ്ങളിലും നിലവിലുള്ള വാഹനങ്ങളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയ്ഡ് സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ വാഹനമാനേജ്മെന്റിനായി വികസിപ്പിച്ചിട്ടുള്ള VEELS ഡാറ്റാ ബേസിൽ രജിസ്റ്റർ ചെയ്യുവാൻ നിർദേശം നൽകിയിട്ടുണ്ട്. VEELS ഡാറ്റാ ബേസിൽ ഇതുവരെ ആകെ 17604 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് മുഴുവൻ വാഹനങ്ങളുടേയും വിവരങ്ങൾ VEELS വഴി ലഭ്യമാകുന്നതാണ്.** |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ ഔദ്യോഗിക വാഹനങ്ങൾക്ക് പുറമെ ടാക്സി വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | **ഉണ്ട്. വാടകയ്ക്ക് എടുത്ത വാഹനങ്ങൾ സംബന്ധിച്ച ക്രോഡീകരിച്ച കണക്കുകൾ സൂക്ഷിച്ചിട്ടില്ല.** |
| (സി) | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം നിർത്തലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (സി) | **സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് 24/02/2003 ലെ സ.ഉ.(കൈ) നം.113/2003/ധന, 02/08/2008-ലെ പരിപത്രം നം.41/2008/ധന എന്നിവ പ്രകാരം സർക്കാർ വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ധനകാര്യ പരിശോധന വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്തിട്ടുണ്ട് എന്ന് തെളിഞ്ഞാൽ പിഴ ഈടാക്കുന്നതിനും അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥയുണ്ട്.** |

സെക്ഷൻ ഓഫീസർ